**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.. 1268

12 -07- 2011-ൽ മറുപടിക്ക്.

## കെ.പി.എസ്.സി. പരീക്ഷാ തട്ടിപ്പ് കേസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ടി.വി. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കെ.പി.എസ്.സി പരീക്ഷാ തട്ടിപ്പ് കേസ്സിൽ ഇതുവരെ എത്ര പേർ പിടിയിലായിട്ടുണ്ട്. എന്തൊക്കെ നടപടികളാണ് ഇവർക്കെതിരെ എടുത്തിട്ടുള്ളത് ; | (എ) | 31 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | തട്ടിപ്പ് കേസിൽ എത്ര സർക്കാർ ഉദ്യോഗസ്ഥർ ഇടപെട്ടിട്ടുണ്ട്; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (ബി) | 9 സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 8 പേരെ സസ്പെൻഡ് ചെയ്യുകയും ഒരാളെ പിരിച്ചു വിട്ടിട്ടു ള്ളതുമാണ്. |
| (സി) | പി.എസ്.സി. യുടെ പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | അപേക്ഷകർ ടിക്കറ്റിലൊട്ടിക്കുന്ന ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്കരിച്ചു. പി.എസ്.സി.യിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാ കേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ പ്രായോഗിക പരീക്ഷ , കായികക്ഷമതാ പരീക്ഷ അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ